"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കൊല്ലം ഐക്കരക്കോണം എസ് എൻ ട്രസ്റ്റ് എച്ച്. എസ് എസ് ലെ എച്ച്. എസ് എസ് ടി ( മലയാളം ) ശ്രീമതി സുജാറാണി എസ് ഫയൽ ചെയ്ത WP(C) No. 23168 /2021 കേസിൽ ബഹു ഹൈക്കോടതി പുറപ്പെടുവിച്ച 27.10.2021 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.2111/2022/GEDN തീയതി,തിരുവനന്തപുരം, 30-03-2022

---

പരാമർശം:- 1. ശ്രീമതി സുജാറാണി എസ് സമർപ്പിച്ച 25.3.2021ലെ ഹർജി (Ext P4)

2. ശ്രീമതി സുജാറാണി എസ് ഫയൽ ചെയ്ത WP(C) No. 23168 /2021 കേസിൽ ബഹു ഹൈക്കോടതി പുറപ്പെടുവിച്ച 27.10.2021 ലെ വിധിന്യായം

3.തിരുവനന്തപുരം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ 7.2.2022, 28.2.2022 തീയതികളിലെ റ്റി.ആർ.ഒ 07/1084/2021/ എച്ച്.എസ്.ഇ നമ്പർ കത്ത്

4.പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 9.2.2022 ലെ ACD B3/219872/2021/എച്ച്.എസ്.ഇ നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം ഐക്കരക്കോണം എസ് എൻ ട്രസ്റ്റ് എച്ച്. എസ് എസ് ലെ എച്ച്. എസ് എസ് ടി ( മലയാളം ) ശ്രീമതി സുജാറാണി എസ് ഫയൽ ചെയ്ത WP(C) No. 23168/2021 കേസിൽ ബഹു ഹൈക്കോടതി പുറപ്പെടുവിച്ച 27.10.2021 ലെ വിധിന്യായത്തിൽ ഹർജിക്കാരി സമർപ്പിച്ച Ext P4 ഹർജിയിൽ ഹർജിക്കാരി , മാനേജർ എന്നിവരെ ഉചിത മാർഗേന കേട്ട് ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിന് നിർദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം ഗൂഗിൾമീറ്റ് വഴി 10.2.2022 ന് കേട്ടു.

2) **ഹർജിക്കാരിയുടെ വാദം ചുവടെ ചേർക്കുന്നു.**

എസ്.എൻ.ട്രസ്റ്റ് കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിൽ പ്രവർത്തിക്കുന്ന കൊല്ലം ജില്ലയിലെ പുനലൂർ ഐക്കരക്കോണം എസ്.എൻ.ട്രസ്റ്റ് ഹയർ സെക്കന്ററി സ്കൂളിൽ ഇപ്പോൾ എച്ച്.എസ്.എസ്.ടി (മലയാളം) തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ഹർജിക്കാരിയായ ശ്രീമതി

സുജാറാണി ഉടക്കത്തിൽ സർവ്വീസിൽ പ്രവേശിച്ചത് ഇതേ മാനേജ്മെന്റിൽപെട്ട തിരുവനന്തപുരം ജില്ലയിലെ ചെമ്പഴന്തി എസ്.എൻ.ജി ഹയർസെക്കന്ററി സ്കൂളിൽ എച്ച്.എസ്.എസ്.ടി (ജൂനിയർ-മലയാളം) തസ്തികയിൽ 27/10/1998 പ്രാബല്യത്തിലാണ് . എച്ച്.എസ്.എസ്.ടി ജൂനിയർ-മലയാളം തസ്തികയിൽ 27/10/1998 മുതൽ നിയമനാംഗീകാരം ലഭിച്ച് സർവ്വീസിൽ തുടർന്നുവരുന്നതായി 05/11/2000-ലെ സി6/2639/എച്ച്.എസ്.ഇ/99 നമ്പറിലുള്ള ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൽ നിന്നും കാണാവുന്നതാണ്.

ഇതേ മാനേജ്മെന്റിൽപെട്ട ആലപ്പുഴ ജില്ലയിലെ ചേർത്തല മാരാരിക്കുളം എസ്.എൻ.ജി ഹയർസെക്കന്ററി സ്കൂളിൽ 15/07/2001 മുതൽ എച്ച്.എസ്.എസ്.ടി മലയാളം (സീനിയർ സ്കെയിൽ) തസ്തിക നിലവിൽ വന്നിരുന്നു. പ്രസ്തുത തസ്തികയിൽ ഹർജിക്കാരിയുടെ ജൂനിയറായ സി.കെ.ജ്യോതിലത സേവനം അനുഷ്ഠിച്ചു വരികയായിരുന്നു. ഈ സാഹചര്യത്തിൽ എച്ച്.എസ്.എസ്.ടി (മലയാളം) തസ്തികയിലേക്ക് സീനിയർ അവകാശി എന്ന നിലയിൽ ഹർജിക്കാരിയുടെ ലാവണം 15/07/2001 മുതൽ 01/08/2005 വരെ മാരാരിക്കുളം എസ്.എൻ.ടി എച്ച്.എസ്.എസ്.ലെ എച്ച്.എസ്.ടി (മലയാളം) തസ്തികയിലേക്ക് ക്രമീകരിച്ചുകൊണ്ട് മാനേജർ ശുപാർശ നൽകുകയും തദനുസൃതമായി ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ ഉത്തരവായിട്ടുള്ളതുമാണ്. ഇപ്രകാരം ചെമ്പഴന്തി എസ്.എൻ.ജി ഹയർസെക്കന്ററി സ്കൂളിൽ എച്ച്.എസ്.എസ്.ടി ജൂനിയർ തസ്തികയിൽ സേവനം അനുഷ്ഠിക്കവെ സീനിയർ അവകാശി എന്ന നിലയിൽ ടിയാളുടെ ലാവണം മാരാരിക്കുളം എസ്.എൻ.ടി എച്ച്.എസ്.എസ് ലെ എച്ച്.എസ്.എസ്.ടി മലയാളം തസ്തികയിലേക്ക് ക്രമീകരിച്ചുകൊണ്ട് 12/09/2006 ലെ എ.സി.ഡി.ബി5/19895/എച്ച്.എസ്.ഇ/2001 നം. ഹയർസെക്കന്ററി ഡയറക്ടർ ഉത്തരവായി.

02/08/2005 പ്രാബല്യത്തിൽ ഹർജിക്കാരിയെ എച്ച്.എസ്.എസ്.ടി (മലയാളം) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഇതേ മാനേജ്മെന്റിൽപെട്ട കണ്ണൂർ എസ്.എൻ.ട്രസ്റ്റ് ഹയർസെക്കന്ററി സ്കൂളിലേക്ക് സ്ഥലംമാറ്റിയ സാഹചര്യത്തിലാണ് 01/08/2005 വരെ പരിമിതപ്പെടുത്തി എച്ച്.എസ്.എസ്.ടി ജൂനിയർ തസ്തികയിൽ തുടരവെ എച്ച്.എസ്.എസ്.ടി തസ്തികയിലേക്ക് ലാവണം ക്രമീകരിച്ച് ഉത്തരവായത് എന്ന വസ്തുത ശ്രദ്ധേയമാണ്.

ഇതിനിടയിൽ ചെമ്പഴന്തി എസ്.എൻ.ജി എച്ച്.എസ്.എസ്.ലെ ഹയർസെക്കന്ററി സ്കൂളിന്റെ 2002-2003 മുതൽ 2006-2007 വരെയുള്ള തസ്തികനിർണ്ണയം മുൻകാല പ്രാബല്യത്തിൽ തിരുവനന്തപുരം മേഖലാ ഹയർസെക്കന്ററി ഉപഡയറക്ടർ നിർണ്ണയിച്ച് ഉത്തരവായി. 21/03/2007-ലെ ടി.ആർ.ഒ/44929/2006 നമ്പർ തിരുവനന്തപുരം മേഖലാ ഹയർസെക്കന്ററി വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ്. പ്രസ്തുത തസ്തിക നിർണ്ണയത്തിൽ 15/07/2002 മുതൽ

ചെമ്പഴന്തി എസ്.എൻ.ജി.എച്ച്.എസ്.എസ്സിൽ 2 എച്ച്.എസ്.എസ്.ടി മലയാളം തസ്തിക 15/07/2002-മുതൽ മുൻകാല പ്രാബല്യത്തോടെ അനുവദിച്ചിട്ടുള്ളതാണെന്ന് കാണാവുന്നതാണ്. ആയതിനാൽ ഹർജിക്കാരി സേവനം അനുഷ്ഠിച്ചുവന്നിരുന്ന ചെമ്പഴന്തി എസ്.എൻ.ജി ഹയർസെക്കന്ററി സ്കൂളിൽ തന്നെ എച്ച്.എസ്.എസ്.ടി (മലയാളം-സീനിയർ) തസ്തിക 15/07/2002 മുൻകാല പ്രാബല്യത്തിൽ അനുവദിച്ചിട്ടുള്ളതിനാൽ മാരാരിക്കുളം എസ്.എൻ.ട്രസ്റ്റ് ഹയർസെക്കന്ററി സ്കൂളിലേക്കുള്ള ലാവണ ക്രമീകരണം 15/07/2001 മുതൽ 14/07/2002 വരെ മാത്രമായി പുന:ക്രമീകരിച്ച് ഉത്തരവാകാവുന്നതാണ്.

ഹർജിക്കാരി ചെമ്പഴന്തി എസ്.എൻ.ജി ഹയർസെക്കന്ററി സ്കൂളിൽ എച്ച്.എസ്.എസ്.ടി (ജൂനിയർ) മലയാളം തസ്തികയിൽ സേവനം അനുഷ്ഠിച്ചുവരവെ ടിയാളുടെ ലാവണം 15/07/2001 മുതൽ 01/08/2005 വരെ ചേർത്തല മാരാരിക്കുളം എസ്.എൻ.ടി എച്ച്.എസ്.എസ്സിലെ എച്ച്.എസ്.ടി മലയാളം (സീനിയർ) തസ്തികയിലേക്ക് ക്രമീകരിച്ച സാഹചര്യത്തിൽ ടിയാൾക്ക് 15/07/2001 മുതൽ എച്ച്.എസ്.എസ്.ടി തസ്തികയിലെ സേവനാനുകൂല്യങ്ങൾ ചട്ടപ്രകാരം ലഭ്യമാണ്. ഈ സാഹചര്യത്തിൽ ടിയാൾക്ക് 15/07/2001 മുതൽ എച്ച്.എസ്.എസ്.ടി (സീനിയർ) തസ്തികയിൽ 8 വർഷം പൂർത്തിയാകുന്നതിനെ തുടർന്ന് ഹയർഗ്രേഡ് അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് മാനേജർക്ക് അപേക്ഷ നൽകിയിരുന്നു. പ്രസ്തുത അപേക്ഷ മാനേജർ പരിഗണിക്കുകയും 15/07/2001 മുതൽ സേവനം പരിഗണിച്ച് ഫിക്സേഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ആർ.ഡി.ഡി.യ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കാവുന്നതാണ് എന്ന മറുപടിയാണ് മാനേജർ നൽകിയത്.

ഈ സാഹചര്യത്തിൽ 15/07/2001 മുതലുള്ള എച്ച്.എസ്.ടി തസ്തികയിൽ ലഭിക്കേണ്ട ഹയർ ഗ്രേഡ് ആനുകൂല്യത്തിന് തിരുവനന്തപുരം മേഖലാ ഹയർസെക്കന്ററി വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപേക്ഷ നൽകിയെങ്കിലും പ്രസ്തുത അപേക്ഷ നിരസിച്ചുകൊണ്ടാണ് ഉത്തരവായത്. നോഷണലായുള്ള നിയമനാംഗീകാരം യാതൊരുവിധ സാമ്പത്തിക ആനുകൂല്യങ്ങൾക്കും പരിഗണിക്കാവുന്നതല്ല എന്ന തടസ്സവാദമാണ് തിരവനന്തപുരം മേഖലാ ഹയർസെക്കന്ററി ഉപഡയറക്ടർ ഉന്നയിച്ചിരിക്കുന്നത്. നോഷണലായി നൽകുന്ന പ്രൊമോഷൻ ശമ്പളത്തിനൊഴികെ ബാക്കി എല്ലാ കാര്യങ്ങൾക്കും ചട്ടപ്രകാരം യോഗ്യതാ സേവന കാലയളവാണ്. ആയതിനാൽ ആർ.ഡി.ഡി.യുടെ മേൽപ്പറഞ്ഞ തടസ്സവാദം നിലവിലുള്ള ഉത്തരവുകൾക്ക് വിരുദ്ധമാണ്.

താഴെപറയുന്ന കാരണങ്ങളാൽ ഹർജിക്കാരി തിരുവനന്തപുരം ചെമ്പഴന്തി എസ്.എൻ.ജി എച്ച്.എസ്.എസ്സിൽ എച്ച്.എസ്.എസ്.ടി (ജൂനിയർ-മലയാളം) തസ്തികയിൽ സേവനം അനുഷ്ഠിക്കവെ സീനിയർ അവകാശി എന്ന നിലയിൽ ടിയാളുടെ ലാവണം 15/07/2001 മുതൽ 14/07/2002 വരെ മാരാരിക്കുളം എസ്.എൻ.ടി എച്ച്.എസ്.എസ്സിലേക്ക് മാറ്റി ക്രമീകരിച്ചും 15/07/2002

മുതൽ ചെമ്പഴന്തി എസ്.എൻ.ജി ഹയർസെക്കന്ററി സ്കൂളിൽ തസ്തിക നിലവില്ലുള്ളതിനാൽ പൂർവ്വകാല പ്രാബല്യത്തിൽ എച്ച്.എസ്.എസ്.ടി (മലയാളം) തസ്തികയിൽ സ്ഥാനക്കയറ്റം നിലനിർത്തി ഉത്തരവാകാവുന്നതും തദനുസൃതമായി ടിയാൾക്ക് 15/07/2001 മുതലുള്ള സർവ്വീസ് ആനുകൂല്യങ്ങൾ ഗ്രേഡ് ബെനിഫിറ്റ് ഉൾപ്പെടെ നൽകാവുന്നതുമാണ്.

<u>കാരണങ്ങൾ</u>

1. ഹർജിക്കാരി എച്ച്.എസ്.എസ്.ടി (ജൂനിയർ) തസ്തികയിൽ ചെമ്പഴന്തി എസ്.എൻ.ജി ഹയർസെക്കന്ററി സ്കൂളിൽ സേവനം അനുഷ്ഠിക്കവെ 15/07/2001 മുതൽ ഇതേ മാനേജ്മെന്റിൽപെട്ട മാരാരിക്കുളം എസ്.എൻ.ടി ഹയർ സെക്കന്ററി സ്കൂളിൽ എച്ച്.എസ്.എസ്.ടി മലയാളം (സീനിയർ) തസ്തിക നിലവിൽ വന്നതിനാൽ സീനിയർ അവകാശി എന്ന നിലയിൽ 15/07/2001 മുതൽ നോഷണലായി മാരാരിക്കുളം എസ്.എൻ.ടി ഹയർ സെക്കന്റി സ്കൂളിൽ ലാവണം മാറ്റി ക്രമീകരിച്ചത് ഹയർ സെക്കന്ററി ഡയറക്ടർ അംഗീകരിച്ചിട്ടുള്ളതിനാൽ ടിയാൾക്ക് 15/07/2001 മുതൽ എച്ച്.എസ്.ടി തസ്തികയിലെ സർവ്വീസ് ആനുകൂല്യങ്ങൾക്ക് അർഹതയുള്ളതാണ്.

2. ഹർജിക്കാരി സേവനം അനുഷ്ഠിച്ചിരുന്ന ചെമ്പഴന്തി എസ്.എൻ.ജി ഹയർസെക്കന്ററി സ്കൂളിൽ 15/07/2002 മുതൽ 2 എച്ച്.എസ്.എസ്.ടി (മലയാളം) തസ്തികകൾ 31/03/2007-ലെ തസ്തിക നിർണ്ണയ ഉത്തരവിൽ അനുവദിച്ച സാഹചര്യത്തിൽ ഹർജിക്കാരിയുടെ മാരാരിക്കുളം ഹയർസെക്കന്റി സ്കൂളിലുള്ള എച്ച്.എസ്.എസ്.ടി മലയാളം തസ്തികയിലെ ലാവണ ക്രമീകരണം 15/07/2001 മുതൽ 14/07/2002 വരെ പരിമിതപ്പെടുത്തി പുന:ക്രമീകരിക്കാവുന്നതും 15/07/2002 മുതൽ എച്ച്.എസ്.എസ്.ടി തസ്തികയിലേക്ക് നോഷണലായി സ്ഥാനക്കയറ്റം നിലനിർത്തി ഉത്തരവാകാവുന്നതുമാണ്.

3. നോഷണലായുള്ള സ്ഥാനക്കയറ്റം ശമ്പളത്തിനൊഴികെ ഗ്രേഡ് ഉൾപ്പെടെയുള്ള മറ്റെല്ലാ ആനുകൂല്യങ്ങൾക്കും യോഗ്യതാ സേവന കാലയളവായതിനാലും ഹർജിക്കാരി നോഷണലായി മാത്രം അംഗീകരിക്കുന്നതിനാണ് അപേക്ഷ നൽകിയിട്ടുള്ളത് എന്ന സാഹചര്യത്തിലും എച്ച്.എസ്.എസ്.ടി മലയാളം തസ്തികയിൽ 15/07/2001 മുതൽ 8 വർഷം പൂർത്തീകരിക്കുന്ന തീയതിയുടെ പ്രാബല്യത്തിൽ എച്ച്.എസ്.എസ്.ടി തസ്തികയിൽ ഹയർ ഗ്രേഡ് അനുവദിക്കാവുന്നതാണ്. ആയതിനാൽ

ഇപ്രകാരമുള്ള ഹയർഗ്രേഡ് ആനുകൂല്യം നൽകുന്നതിന് തിരുവനന്തപുരം മേഖലാ ഹയർസെക്കന്ററി വിദ്യാഭ്യാസ ഉപഡയറക്ടർക്ക് വ്യക്തമായ നിർദ്ദേശം നൽകി ഉത്തരവാകാവുന്നതാണ്.

3) <u>മാനേജരുടെ വാദം ചുവടെ ചേർക്കുന്നു.</u>

പരാതിക്കാരിയായ എസ്.സുജാറാണിയെ ഇതേ മാനേജ്മെന്റിന്റെ ചെമ്പഴന്തി എസ്.എൻ.ജി ഹയർ സെക്കന്ററി സ്കൂളിൽ അനുവദിച്ച എച്ച്.എസ്.എസ്.ടി ജൂനിയർ മലയാളം തസ്തികയിൽ 27/10/1998 മുതൽ നിയമിച്ചതിനു ഡിപ്പാർട്ടുമെന്റ് അംഗീകാരം നൽകി. അതിനുശേഷം പ്രസ്തുത തസ്തിക തിരുവനന്തപുരം ആർ.ഡി.ഡി-യുടെ 21/03/2007-ലെ ടി.ആർ.ഒ -4/4929/2006 ഉത്തരവുപ്രകാരം 15/07/2002 മുതൽ എച്ച്.എസ്.എസ്.ടി തസ്തികയായി മലയാളം രണ്ടാംഭാഷ പഠിച്ച കുട്ടികളുടെ എണ്ണത്തിലും പീരിയഡുകളിലും വർദ്ധന ഉണ്ടായതിനാൽ അപ്ഗ്രേഡ് ചെയ്തു. കൂടാതെ ഇതേ മാനേജ്മെന്റിന്റെ ചേർത്തല എസ്.എൻ.ട്രസ്റ്റ് സ്കൂളിലെ എച്ച്.എസ്.എസ്.ടി ജൂനിയർ മലയാളം തസ്തികയും 15/07/2001 മുതൽ എച്ച്.എസ്.എസ്.ടി തസ്തികയായി ഉയർത്തി. ശ്രീമതി. സുജാറാണി എച്ച്.എസ്.എസ്.ടി ആയി പ്രൊമോഷൻ ലഭിക്കുന്നതിനു സീനിയർ ആയതിനാൽ 15/07/2001 മുതൽ ലാവണം മാറ്റി ചേർത്തല സ്കൂളിൽ നിയമിച്ചതിനു ഹയർ സെക്കന്ററി ഡയറക്ടർ 12/09/2006-ലെ Acd.B5-19895/2001 ഉത്തരവുപ്രകാരം സാമ്പത്തിക ആനുകൂല്യം നൽകാതെ നോഷണൽ സീനിയോറിറ്റി നൽകാൻ അനുമതി നൽകി.

ചെമ്പഴന്തി സ്കൂളിൽ എച്ച്.എസ്.എസ്.ടി തസ്തികയ്ക്ക് മതിയായ പീരിയഡുകൾ വർദ്ധിച്ച 15/07/2002 മുതൽ ശ്രീമതി. സുജാറാണി എച്ച്.എസ്.എസ്.ടി യുടെ ചുമതല വഹിച്ചുവന്നിരുന്നു. എന്നാൽ 15/07/2002 മുതൽ പ്രാബല്യത്തിൽ എച്ച്.എസ്.എസ്.ടി തസ്തിക അനുവദിച്ച് ഉത്തരവ് ലഭിക്കാൻ കാലതാമസം ഉണ്ടായതിനാൽ 02/08/2005 മുതൽ മാത്രം എച്ച്.എസ്.എസ്.ടി റെഗുലർ ആയി അംഗീകാരം ലഭിച്ച് അതുപ്രകാരമുള്ള സാമ്പത്തിക ആനുകൂല്യം നൽകിയുള്ളൂ. പരാതിക്കാരിയുടെ എച്ച്.എസ്.എസ്.ടി തസ്തികയിലെ ശമ്പളം 15/07/2001 മുതൽ നോഷണൽ ആയി കണക്കാക്കി 02/08/2005 മുതൽ സാമ്പത്തിക ആനുകൂല്യം നൽകുന്നതിലേക്ക് പ്രിൻസിപ്പൽ വഴി സമർപ്പിച്ച പ്രൊപ്പോസൽ തിരുവനന്തപുരം ആർ.ഡി.ഡി നിരസിച്ചതിനെതിരെയാണ് സർക്കാരിനു പരാതി സമർപ്പിച്ചിട്ടുള്ളത്. ചെമ്പഴന്തി എസ്.എൻ.ജി ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.എസ്.ടി ജൂനിയർ മലയാളം തസ്തിക എച്ച്.എസ്.എസ്.ടി തസ്തികയായി 15/07/2002 മുതൽ അപ്ഗ്രേഡ് ചെയ്തു മുൻകാല പ്രാബല്യത്തിൽ അനുവദിച്ചതിൽ ശ്രീമതി. സുജാറാണി അന്നുമുതൽ അവിടെ എച്ച്.എസ്.എസ്.ടി തസ്തികയ്ക്കുള്ള പീരിയഡുകൾ ജോലി ചെയ്തിട്ടുണ്ട്. ആയതിനാൽ അന്നുമുതൽതന്നെ നിയമന അംഗീകാരവും സാമ്പത്തിക ആനുകൂല്യങ്ങളും ലഭിക്കാൻ

അർഹത ഉണ്ട്. എന്നാൽ ശ്രീമതി. സുജാറാണി 25/03/2021 ന്ന സർക്കാരിന്ന സമർപ്പിച്ചിട്ടുള്ള പരാതിയിൽ 15/07/2001 മുതൽ എച്ച്.എസ്.എസ്.ടി യുടെ ശമ്പള സ്കെയിലിൽ ശമ്പളം നോഷണൽ ആയി പരിഗണിച്ച് 02/08/2005 മുതൽ സാമ്പത്തിക ആനുകൂല്യം ലഭിക്കണമെന്ന ആവശ്യം അനുവദിക്കണമെന്ന് മാനേജ്മെന്റിനുവേണ്ടി സമർപ്പിക്കുന്നു.

4) <u>പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.</u>

ശ്രീമതി. സുജാറാണി എസ്.ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 03/11/2000 ലെ എസിഡി.സി6/2839/എച്ച്.എസ്.ഇ/99 നമ്പർ ഉത്തരവ് പ്രകാരം എച്ച്.എസ്.എസ്.റ്റി (ജൂനിയർ) മലയാളം തസ്തികയിൽ 27/10/1998 മുതൽ ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലം ഹയർസെക്കന്ററി സ്കൂളിൽ നിയമനാംഗീകാരം ലഭിച്ചിട്ടുണ്ട്. 01/08/2005 വരെ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) മലയാളം തസ്തികയിൽ ടി സ്കൂളിൽ തുടർന്നു വരവേ 02/08/2005 മുതൽ ടിയാരിയെ എച്ച്.എസ്.എസ്.റ്റി മലയാളം തസ്തികയിൽ തസ്തികമാറ്റം മുഖേന കണ്ണൂർ എസ്.എൻ ട്രസ്റ്റ് എച്ച്.എസ്.എസ് - ൽ നിയമിച്ചിട്ടുണ്ട്.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 12/09/2006 ലെ എസിഡി.ബി5/19895/എച്ച്.എസ്.ഇ/2001 നം. ഉത്തരവ് പ്രകാരം ശ്രീമതി. സുജാറാണിയുടെ എച്ച്.എസ്.എസ്.റ്റി തസ്തികയിലെ ലീൻ ചേർത്തല മാരാരിക്കുളം എസ്.എൻ.ട്രസ്റ്റ് എച്ച്.എസ്.എസ് ലേക്ക് 15/07/2001 മുതൽ 01/08/2005 വരെ അഡ്ജസ്റ്റ് ചെയ്ത് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് ടി ഉത്തരവിൽ ശ്രീമതി. സുജാറാണിക്ക് 15/07/2001 മുതൽ എച്ച്.എസ്.എസ്.റ്റി (മലയാളം) തസ്തികയ്ക്ക് അർഹതയുണ്ടായിരുന്നെങ്കിലും ടിയാരി എച്ച്.എസ്.എസ്.റ്റി (ജൂനിയർ) മലയാളം തസ്തികയിൽ 01/08/2005 വരെ സേവനമനുഷ്ഠിച്ചതായി പറയുന്നു. ടി ഉത്തരവ് പ്രകാരം ശ്രീമതി.സുജാറാണിയുടെ ലീൻ മാരാരിക്കുളം എസ്.എൻ ട്രസ്റ്റ് എച്ച്.എസ്.എസ് ലെ എച്ച്.എസ്.എസ്.റ്റി മലയാളം തസ്തികയിൽ 15/07/2001 മുതൽ 01/08/2005 വരെ ഷിഫ്റ്റ് ചെയ്ത മാനേജരുടെ നടപടി സാധൂകരിച്ച് നൽകിയിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം ശ്രീമതി. സുജാറാണി.എസ് ന് എച്ച്.എസ്.എസ്.റ്റി തസ്തികയിൽ 15/07/2001 മുതൽ നോഷണൽ സീനിയോറിറ്റിക്ക് മാത്രമാണ് അർഹതയുള്ളതെന്നും യാതൊരുവിധ മോണിറ്ററി ബെനിഫിറ്റിനും അർഹതയില്ലായെന്നും പരാമർശിക്കുന്നുണ്ട്. ആയതിനാൽ ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. സുജാറാണിയ്ക്ക് 15/07/2001 മുതൽ എച്ച്.എസ്.എസ്.റ്റി തസ്തികയിൽ നോഷണൽ ആയി ശമ്പളം ക്രമീകരിക്കുവാനും മറ്റ് ആനുകൂല്യങ്ങൾ ലഭിക്കുവാനും പരിഗണിക്കുവാൻ സാധിക്കില്ല എന്ന് കാണുന്നു.

5) <u>റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.</u>

ശ്രീമതി.സുജാറാണി.എസിന് എച്ച്.എസ്.എസ്.ടി ജൂനിയർ മലയാളം തസ്തികയിൽ ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലം എച്ച്.എസ്.എസിൽ 27/10/1998 മുതൽ നിയമനാംഗീകാരം ലഭിച്ചിട്ടുണ്ട്. ചെമ്പഴന്തി SNG HSS-ൽ 15/07/2000 മുതൽ 14/07/2002 വരെ മലയാളം വിഷയത്തിൽ ഒരു ജൂനിയർ തസ്തികയും ഒരു സീനിയർ തസ്തികയും ഉള്ളതായി കാണുന്നു. അക്വിറ്റൻസ് റോൾ എന്നിവ പരിശോധിച്ചതിൽ ശ്രീമതി. സുജാറാണിയും, ശ്രീമതി.മിനി.എസ് ഉം 15/07/2000 മുതൽ 14/07/2002 വരെ കാലയളവിൽ സേവനമനുഷ്ഠിച്ചിരുന്നു. 24/07/2004-ലെ Acd C1/3012/HSE/99 നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി. മിനി.എസിനെ എച്ച്.എസ്.എസ്.ടി മലയാളം തസ്തികയിൽ മെഴുവേലി പത്മനാഭോദയം എച്ച്.എസ്.എസിൽ നിന്നും ചെമ്പഴന്തി SNGHSS ലേക്ക് 13/10/2000 മുതൽ ട്രാൻസ്ഫർ ചെയ്തത് സാധൂകരിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്. ഇപ്രകാരം ടിയാരി 13/10/2000 മുതൽ ചെമ്പഴന്തി SNGHSS ൽ എച്ച്.എസ്.എസ്.ടി തസ്തിക സേവനമനുഷ്ഠിച്ചതായി കണക്കാക്കാവുന്നതാണ് അപ്രകാരം കണക്കാക്കുമ്പോൾ SNGHSSചെമ്പഴന്തിയിലെ ടി കാലയളവിലെ ജൂനിയർ തസ്തികയിൽ ശ്രീമതി. സുജാറാണി സേവനമനുഷ്ഠിച്ചിരുന്നതായി കണക്കാക്കാവുന്നതാണ്.

ശ്രീമതി. സുജാറാണിയെ എച്ച്.എസ്.എസ്.ടി തസ്തികയിൽ ലീൻ ഷിഫ്റ്റ് ചെയ്ത് 15/07/2001 മുതൽ 01/08/2005 വരെ മാരാരിക്കുളം SNGHSS ൽ മാനേജർ നിയമിക്കുകയും ആയത് ഡയറക്ടർ സാധൂകരിച്ച് നൽകിയിട്ടുണ്ട്. 15/07/2001-ൽ ജൂനിയർ തസ്തികയിൽ ചെമ്പഴന്തി SNGHSS ൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. സുജാറാണിയെ ചേർത്തല മാരാരിക്കുളം SNTHSS-ലെ എച്ച്.എസ്.എസ്.ടി തസ്തികയിലേക്കാണ് 15/07/2001 മുതൽ ലീൻ ഷിഫ്റ്റ് ചെയ്ത് മാനേജർ നിയമിച്ചിരിക്കുന്നത്. ചെമ്പഴന്തി SNGHSS-ലെ 2000-2001, 2001-2002 അധ്യയന വർഷത്തെ മലയാളം ഉപഭാഷ തെരഞ്ഞെടുത്ത കുട്ടികളുടെ എണ്ണം കണക്കാക്കുമ്പോൾ (2000-2001- Plus one-149, Plus two-75, 2001-2002 Plus One-178, Plus Two – 149) മലയാളത്തിന് ഒരു സീനിയർ തസ്തികയും ഒരു ജൂനിയർ തസ്തികയും ഉള്ളൂ. ഇതിൽ സീനിയർ തസ്തികയിൽ ശ്രീമതി. മിനി.എസ് ആണ് സേവനമനുഷ്ഠിച്ചിരുന്നത് എന്ന് കാണുന്നു. എന്നാൽ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം SNGHSS ചെമ്പഴന്തിയിൽ 15/07/2002 മുതൽ 14/07/2006 വരെ രണ്ട് എച്ച്.എസ്.എസ്.ടി തസ്തികകൾ ഉണ്ട്. അപ്രകാരമെങ്കിൽ 15/07/2002 മുതൽ ശ്രീമതി. സുജാറാണി എച്ച്.എസ്.എസ്.ടി തസ്തികയിലാണ് സേവനമനുഷ്ഠിച്ചിട്ടുള്ളത്.

6) മേല്പറഞ്ഞ വസ്തുതകൾ ഹിയറിങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം SNGHSS ചെമ്പഴന്തിയിൽ 15/07/2002 മുതൽ 14/07/2006 വരെ രണ്ട്

എച്ച്.എസ്.എസ്.ടി തസ്തികകൾ ഉണ്ട്. അപ്രകാരമെങ്കിൽ 15/07/2002 മുതൽ ശ്രീമതി. സുജാറാണി എച്ച്.എസ്.എസ്.ടി തസ്തികയിലാണ് സേവനമനുഷ്ഠിച്ചിട്ടുള്ളത് എന്നുമുള്ള ആർ.ഡി.ഡി.യുടെ റിപ്പോർട്ട് ഹർജിക്കാരി ചൂണ്ടിക്കാണിക്കുന്ന സാഹചര്യങ്ങളുമായി പൊരുത്തപ്പെട്ടു പോകുന്നു എന്നു ബോദ്ധ്യമാകുന്നു. അതുകൊണ്ട്, തിരുവനന്തപുരം ചെമ്പഴന്തി എസ്.എൻ.ജി എച്ച്.എസ്.എസ്സിൽ എച്ച്.എസ്.എസ്.ടി (ജൂനിയർ-മലയാളം) തസ്തികയിൽ സേവനം അനുഷ്ഠിക്കവെ സീനിയർ അവകാശി എന്ന നിലയിൽ ടിയാളുടെ ലാവണം 15/07/2001 മുതൽ 14/07/2002 വരെ മാരാരിക്കുളം എസ്.എൻ.ടി എച്ച്.എസ്.എസ്സിലേക്ക് മാറ്റി ക്രമീകരിച്ചും 15/07/2002 മുതൽ ചെമ്പഴന്തി എസ്.എൻ.ജി ഹയർസെക്കന്ററി സ്കൂളിൽ തസ്തിക നിലവിലുള്ളതിനാൽ പൂർവ്വകാല പ്രാബല്യത്തിൽ എച്ച്.എസ്.എസ്.ടി (മലയാളം) തസ്തികയിൽ സ്ഥാനക്കയറ്റം നിലനിർത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു . തദനുസൃതമായി ടിയാൾക്ക് 15/07/2001 മുതലുള്ള സർവ്വീസ് ആനുകൂല്യങ്ങൾ നൽകുന്ന വിഷയത്തിൽ തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ആർ. ഡി.ഡി യ്ക്കു നൽകി, എക്സിബിറ്റ്.പി. 4 തീർപ്പാക്കി അപ്രകാരം പരാമർശം (2 ) ലെ ബഹു : ഹൈക്കോടതി വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം. (ആമുഖ കത്ത് സഹിതം)

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ആഡിറ്റ്), തിരുവനന്തപുരം
പൊതു വിദ്യാഭ്യാസ ഡയറക്ടർ , ഹയർ സെക്കണ്ടറി വിഭാഗം തിരുവനന്തപുരം

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ , ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ,കോർപറേഷൻ ബിൽഡിംഗ് , പാളയം , തിരുവനന്തപുരം

ശ്രീമതി സുജാറാണി എസ് , എച്ച് എസ് എസ് ടി ( മലയാളം ) , എസ് എൻ ട്രസ്റ്റ് എച്ച് എസ് എസ് ഐക്കരക്കോണം, പുനലൂർ ,കൊല്ലം

മാനേജർ, എസ് എൻ ട്രസ്റ്റ് എച്ച് എസ് എസ് ഐക്കരക്കോണം,പുനലൂർ , കൊല്ലം

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Shahna Kumari S L**
**Date: 31-03-2022 11:57:44**
സെക്ഷൻ ഓഫീസർ